**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോലഴി പഞ്ചായത്തിൽ പുനർ നിക്ഷിപ്തം ചെയ്ത ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോലഴി പഞ്ചായത്തിൽ കുറ്റൂർ വില്ലേജിലെ 12 പേർക്ക് പതിച്ച് നൽകുന്നതിനായി 28.05.2018-ലെ സ.ഉ. (എം.എസ്) നമ്പർ 204/18/ആർ.ഇ.വി. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ കന്നുകാലി മേച്ചിൽ പുറമ്പോക്ക് ഭൂമിക്ക് കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും പ്രസ്തുത 0.3430 ഹെക്ടർ ഭൂമി മേച്ചിൽ പുറമ്പോക്ക് വിഭാഗത്തിലാണ് ബി.ടി.ആറിൽ പതിഞ്ഞിട്ടുള്ളതെന്നും ആയതിന്റെ റീസർവ്വെ നമ്പറുകൾ 828/6, 7, 836/2, 3, 5, 7, 8, 9, 836/10 (P), 837/2, 5, 860/1 ആണെന്നും പ്രസ്തുത ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1964-ന്റെ 279(2) വകുപ്പ് പ്രകാരം ടി ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേക്ക് നിക്ഷിപ്തമാക്കി 28.05.2018 തീയതിയിൽ G.O.(Ms) No.204/2018/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ് എന്ന വിവരം തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.വിജ്ഞാപനം ചെയ്തു കഴിഞ്ഞാൽ പട്ടയ വിതരണത്തിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ